# മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം

## മലയാളവിഭാഗം

# പഠനഫലപ്രാപ്തി- ബിരുദാനന്തരബിരുദം

# PG- PROGRAM OUTCOME

മലയാളഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ സൂക്ഷ്മവും സൈദ്ധാന്തികവും ഗവേഷണാത്മകവുമായ സമീപനമാണ് വിവിധ കോഴ്സുകളിലൂടെ സാംശീകരിക്കപ്പെടുന്നത്. ഭാഷാജ്ഞാനം, ഭാഷാപ്രയോഗജ്ഞാനം എന്നിവയെക്കുറിച്ചുള്ള നവീകരിക്കപ്പെട്ട ധാരണകളും സിദ്ധാന്തങ്ങളും പരിചയപ്പെടുന്നു. ഭാഷയുടെ ചരിത്രം, ഘടന, സാഹിത്യഭാവുകത്വങ്ങൾ തുടങ്ങി എല്ലാം വിമർശനാത്മകമായി വായിക്കപ്പെടുന്നു. സാഹിത്യത്തെക്കുറിച്ചും സാഹിത്യസമീപനങ്ങളെക്കുറിച്ചും ഭാഷാ-സാഹിത്യങ്ങളുടെ വിവിധഘട്ടങ്ങളെക്കുറിച്ചും മലയാളസംസ്കാരത്തിന്റെ ആദ്യകാലഘടകങ്ങൾ മുതൽ സമകാലികമായ ഘടകങ്ങളെക്കുറിച്ചും കലകളെക്കുറിച്ചും സൂക്ഷ്മമായ സാംസ്കാരികാപഗ്രഥനം നടത്തുന്നു. ഒപ്പം ഗവേഷണത്തിന്റെ രീതിശാസ്ത്രവും രീതികളും സമീപനങ്ങളും പരിചയപ്പെടുന്നു. ഇങ്ങനെ മലയാളഭാഷയുടെ സൗന്ദര്യാത്മകവും ധൈഷണികപരവും ഭാഷാശാസ്ത്രപരവും സാംസ്കാരികവുമായ വിശദപഠനം, മലയാളത്തിൽ ഇനിയും ഗവേഷണത്തിലൂടെ പൂരിപ്പിക്കപ്പെടേണ്ടുന്ന മേഖലകളെക്കുറിച്ചുള്ള ഉൾക്കാഴ്ചയ്ക്ക് വഴിതെളിക്കുന്നു. ഗവേഷണരീതിശാസ്ത്രത്തെപ്പറ്റിയുള്ള അറിവ് തുടർന്ന് ഭാഷാവളർച്ചയ്ക്ക് ഉതകുംവിധം ഗവേഷണാത്മകമായ ഉപരിപഠനസാധ്യതകളിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ മലയാളഭാഷയുടെയും ഭാഷാപഠനങ്ങളുടെയും നവീനസാധ്യതകളും സമീപനങ്ങളും അറിയുകവഴി, മലയാളഭാഷയുടെയും

സംസ്കാരത്തിന്റെയും നവീകരണത്തിനായി ഗവേഷണാത്മകമായി ചിന്തിക്കാൻ സജ്ജരാകുകയാണ് പഠനത്തിന്റെ ഫലപ്രാപ്തി. ദേശീയതലത്തിലുള്ള സിവിൽ സർവീസ് പരീക്ഷയുൾപ്പെടെയുള്ള മത്സരപരീക്ഷകളിൽ പങ്കെടുക്കാനുള്ള ശേഷി കരസ്ഥമാക്കുന്നു. ഒപ്പം, മാധ്യമപ്രവർത്തനം, വിവർത്തനമേഖലകൾ, ഡിജിറ്റൽ മലയാളം തുടങ്ങി അന്തർവൈജ്ഞാനികവും ഉത്തരാധുനികവുമായി നിൽക്കുന്ന തൊഴിൽ ഇടങ്ങളിൽ മലയാളഭാഷയുടെ സാധ്യതകൾ കണ്ടെത്താനും കഴിയുന്നു.